പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3875 15.12.2014 ലെ മറുപടിക്ക്

## സിസ്റ്റമാറ്റിക് ഹെൽത്ത് അസെസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബെന്നി ബെഹനാൻ**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.പി.എ.മാധവൻ**<br>**ശ്രീ.ജോസഫ് വാഴയ്ക്കൻ** | **രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
| **എ)** സംസ്ഥാനത്തെ പോലീസ് സേനയിൽ സിസ്റ്റമാറ്റിക് ഹെൽത്ത് അസെസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | **എ)** പോലീസ് വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി സഹകരിച്ച് സേനയിലെ പോലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യവും ശാരീരികക്ഷമതയും നിലനിർത്തു-ന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സിസ്റ്റമാറ്റിക് ഹെൽത്ത് അസെസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ (SHAPE) പദ്ധതി. |
| **ബി)** പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | **ബി)**സേനയിലെ പോലീസുദ്യോഗസ്ഥരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും, അവർ വ്യായാമമുറ അഭ്യസിക്കുന്നതിനും വേണ്ടി-യുള്ളതാണ് ഈ പദ്ധതി. |
| **സി)** പോലീസ് സേനയുടെ ആരോഗ്യ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | **സി)** എല്ലാ ജില്ലാ പോലീസ് മേധാവിമാരും അവരുടെ കീഴിലുള്ള പോലീസുദ്യോ-ഗസ്ഥർക്ക് ശാരീരിക വ്യായാമമുറകൾക്ക് പരിശീലനം നൽകേണ്ടതും പ്രസ്തുത ശാരീരിക വ്യായാമം രാവിലെ 7 മണി മുതൽ 7.45 മണി വരെ തിങ്കളാഴ്ചകളിലും വ്യാഴാഴ്ചകളിലും നടത്തേണ്ടതും 50 വയസ്സിനുമേൽ പ്രായമുള്ളവർ അവർ ആഗ്രഹിക്കുന്ന പക്ഷം പ്രസ്തുത പരിശീലനത്തിൽ ഏർപ്പെട്ടാൽ മതിയെന്നും കൂടാതെ, പരിശീലനങ്ങളിൽ ഏർപ്പെ-ടുന്നതിന് മുമ്പ് എല്ലാ ഉദ്യോഗസ്ഥരും ആവശ്യമായ മെഡിക്കൽ പരിശോ-ധനകൾക്ക് വിധേയരാകേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **ഡി)** ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | **ഡി)** പോലീസ് വകുപ്പും, ആരോഗ്യ വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ